ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.EB5/4455/2024/DTE തീയതി:26-06-2025

**സർക്കുലർ**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറേറ്റ്, തിരുവനന്തപുരം - ജീവനക്കാര്യം - 2025 - 2026 അദ്ധ്യയന വർഷത്തിൽ ഈ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ താല്ക്കാലിക നിയമനം നടത്തുന്നത് സംബന്ധിച്ച് :-

സൂചന :- 1) 29.05.2024 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.
2) GO (P) No.29/2021/Fin, Dated:11/02/2021.

ഈ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ **2025-2026** അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, സർക്കാർ പോളിടെക്നിക് കോളേജ് അധ്യാപകർ എന്നീ വിഭാഗങ്ങളിലെ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിലും, സർക്കാർ കൊമേഴ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ/ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലെ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിലും ഫൈൻ ആർട്സ് കോളേജുകളിലെ അധ്യാപക/അനധ്യാപക തസ്തികകളിലും മൂന്നു മാസത്തിൽ കൂടുതൽ ഒഴിവ് നിലനിൽക്കുന്നെങ്കിൽ, അക്കാദമിക് താല്പര്യം പരിഗണിച്ച് എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ച് മുഖേന നിയമിക്കുന്നതിന് നടപടി എടുക്കേണ്ടതും, ടി. തസ്തികകളിൽ ഉദ്യോഗാർഥിയെ ലഭിക്കുന്നതിന് കാലതാമസമുണ്ടായാൽ, സ്ഥിര നിയമനം നടക്കുന്നതുവരെയോ, എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ച് വഴി ഉദ്യോഗാർഥിയെ ലഭിക്കുന്നത് വരെയോ, അദ്ധ്യയന വർഷം ആരംഭത്തിൽ തന്നെ താല്ക്കാലിക, ഗസ്റ്റ് നിയമനം, ദിവസ വേതന അടിസ്ഥാനത്തിൽ, മേൽ സൂചന സർക്കാർ ഉത്തരവനുസരിച്ച് നടത്താവുന്നതാണ്.

2025-2026 അദ്ധ്യയനവർഷം മുതൽ താല്ക്കാലിക നിയമനങ്ങളുടെ സാധൂകരണവുമായി ബന്ധപ്പെട്ട അപേക്ഷകൾ അതാത് റീജിയണൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർമാർക്ക് നല്കേണ്ടതാണ്. ഇത്തരം താല്ക്കാലിക നിയമനങ്ങൾ, അംഗീകരിക്കപ്പെട്ട സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് മാത്രമായിരിക്കണം. ഗസ്റ്റ് നിയമനത്തിന് വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ട താല്ക്കാലിക തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് മുൻപ്, ടി തസ്തികകൾ 2025-2026 വർഷത്തിൽ സ്ഥാപനത്തിന് അനുവദനീയമാണോ, നിയമനം നടത്താവുന്നതാണോ എന്നത് സംബന്ധിച്ച് ഡയറക്ടറേറ്റ് ൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കണം. ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നവരുടെ പ്രായപരിധി 56 വയസ്സിൽ കൂടാൻ പാടുള്ളതല്ല.

താത്കാലിക നിയമനത്തിനായി റീജിയണൽ ഓഫീസുകളിലേക്ക് അയക്കുന്ന നിശ്ചിത അപേക്ഷയിൽ വിവരങ്ങൾ വളരെ ശ്രദ്ധയോടെ നല്കേണ്ടതുണ്ട് എന്നും, വേതനം സംബന്ധിച്ച് സ്പാർക്കിൽ നല്കുന്ന വിവരങ്ങൾ പ്രകാരം വേതനം നല്കുവാൻ സ്ഥാപനമേധാവി

ബാധ്യസ്ഥനാണ് എന്നും അറിയിക്കുന്നതിനോടൊപ്പം, നിയമനത്തിന് സാധൂകരണം നല്കുന്നതിന് വേണ്ടിയുള്ള കത്തുകൾ മാത്രം ടി കാര്യാലയങ്ങളിലേക്ക് അയക്കുവാൻ ശ്രദ്ധിക്കണമെന്ന് നിർദേശിക്കുകയും ചെയ്യുന്നു.

ഇപ്രകാരം താല്കാലിക നിയമനം നടത്തുകയാണെങ്കിൽ, പ്രസ്തുത നിയമനം സാധൂകരിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ, അനുബന്ധമായ രേഖകൾ സഹിതം (പത്ര മാധ്യമങ്ങളിൽ നല്കിയ പരസ്യം, ഉദ്യോഗാർഥികളുടെ യോഗ്യത, റാങ്ക് പട്ടിക, നിയമന ഉത്തരവ്, എന്നിവയുടെ പകർപ്പുകൾ) ടി കാര്യാലയത്തിലേക്ക് സാധൂകരണത്തിന് വേണ്ടി അയക്കേണ്ടതാണ്. സാധൂകരണത്തിനായി ഓരോ തസ്തികയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ നല്കേണ്ടതുണ്ട് എന്ന് അറിയിക്കുന്നു. അതാതു റീജിയണൽ ഡയറക്ടറേറ്റിൽ നിന്നും സാധൂകരണം ലഭിച്ചതിന് ശേഷം മാത്രമേ വേതനം നല്കുവാൻ പാടുള്ളൂ എന്നും അറിയിക്കുന്നു.

Signed by
Jayaprakash P
Date: 26-06-2025 17:19:01

JAYAPRAKASH P
DIRECTOR(INCHARGE)

സ്വീകർത്താവ്,

1. ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം, കോഴിക്കോട്, കോതമംഗലം.
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).
3. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.